**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3572** **15-02-2024 - ൽ മറുപടിയ്ക്ക്**

**കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ റീസർവ്വേ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ തീരപ്രദേശത്ത് താമസിക്കുന്ന ഒട്ടേറെ കുടുംബങ്ങളുടെ ഭൂമി മിക്കതും പണ്ടുമുതലേ ദേവസ്വം ഭൂമിയായി ലഭിച്ചിട്ടുള്ളതും കൈമാറി വന്നിട്ടുള്ളതുമായതിനാൽ ഇവർക്ക് ബാങ്ക് ലോണിന് അപേക്ഷിക്കുന്നതിനും മറ്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനും തടസ്സം നേരിടുന്ന സാഹചര്യത്തിൽ മണ്ഡലത്തിലെ ജനസാന്ദ്രത മുൻനിർത്തി ഒരു പ്രത്യേക കേസായിപരിഗണിച്ച് എത്രയും വേഗം ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള സർവ്വേ നടത്തുന്നതിനും ഭൂമി സംബന്ധമായ എല്ലാ വസ്തുതകളും ഡിജിറ്റലൈസ് ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിൽ ഡിജിറ്റൽ സർവ്വെയുടെ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത 23 വില്ലേജുകളുടെ സർവ്വെ ജോലികൾ പുരോഗതിയിലാണ്. രണ്ടാംഘട്ട സർവ്വെ പ്രവർത്തനങ്ങൾക്ക് 20/10/2023 ന് തുടക്കം കുറിച്ചിട്ടുള്ളതും കൈപ്പമംഗലം നിയോജക മണ്ഡലത്തിലെ 2 വില്ലേജുകൾ (ചെന്ത്രാപ്പിന്നി, എടത്തിരുത്തി) ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ശേഷിക്കുന്ന വില്ലേജുകളെ തുടർ ഘട്ടങ്ങളിൽ ഉൾപ്പെടുത്തി ഡിജിറ്റൽ സർവ്വെ പൂർത്തിയാക്കുന്നതുമാണ്. |
| (ബി) | കൈപ്പമംഗലം നിയോജകമണ്ഡലത്തിലെ എടത്തിരുത്തി വില്ലേജ് കേന്ദ്രീകരിച്ചുകൊണ്ടുള്ള റീസർവ്വേ നടപടികൾ വേഗത്തിലാക്കാനുള്ള നടപടികൾ സ്വീകരിക്കാമോ; | (ബി) | കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട എടത്തിരുത്തി വില്ലേജ് രണ്ടാംഘട്ട സർവ്വെ പ്രവർത്തനങ്ങൾക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. ടി വില്ലേജിന്റെ പ്രാരംഭ ജോലികൾ പുരോഗതിയിലാണ്. |
| (സി) | കൈപ്പമംഗലം നിയോജകമണ്ഡലത്തിൽ ഇനിയും പട്ടയം ലഭിക്കാത്ത കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിനുള്ള നടപടി എത്രയും വേഗം സ്വീകരിക്കാമോ? | (സി) | കൈപ്പമംഗലം മണ്ഡലത്തിലെ 19 അപേക്ഷകർക്ക് പട്ടയം നൽകാനുള്ളതാണ്. അതിൽ 14 അപേക്ഷകൾ കടൽ പുറമ്പോക്ക് വിഭാഗത്തിലും 4 അപേക്ഷകൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് പുനർനിക്ഷിപ്തം ചെയ്തു ലഭിക്കേണ്ടതും ഒരു അപേക്ഷ ഇറിഗേഷനിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം ലഭിക്കേണ്ടതുമാണ്. ഈ അപേക്ഷകളെല്ലാം പട്ടയം ഡാഷ് ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ടി അപേക്ഷകൾക്ക് പട്ടയം നൽകുന്നതിനുള്ള തുടർ നടപടികൾ പുരോഗതിയിലുമാണ്. |

സെക്ഷൻ ഓഫീസർ